**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 173** **29-07-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി.യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ പി . ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.എസ്.ടി.യുമായി ബന്ധപ്പെട്ട് സംസ്ഥാനം നിലവിൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ജി.എസ്.ടി-യിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്ന് റിട്ടേൺ ഫോർമാറ്റ് പ്രതീക്ഷിച്ച രീതിയിൽ നടപ്പാകാത്തതാണ്. ജി.എസ്.ടി. യുടെ തുടക്കത്തിൽ വാങ്ങലും (inward supply) വിൽക്കലും (outward supply) പ്രത്യേകമായി കാണിക്കുന്ന രണ്ടു റിട്ടേണുകളും (GSTR 1 & GSTR 2 ) പേയ്മെന്റ് ചെയ്യുന്നതിനായി മൂന്നാമതൊരു റിട്ടേണും (GSTR 3) അടങ്ങിയ ഒരു ഫോർമാറ്റ് ആണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇതിൽ GSTR 1 മാത്രമാണ് നടപ്പാക്കാനായത്. പേയ്മെന്റ് ചെയ്യുന്നതിനായി GSTR 3B എന്ന പുതിയ റിട്ടേൺ കൊണ്ടുവന്നു. GSTR 1, 2, 3 സമ്പ്രദായം പൂർണമായും നടപ്പാക്കാൻ കഴിയാത്തതിനെ തുടർന്ന് ANX 1, ANX 2 എന്നിവ ഉൾപ്പെടുന്ന പുതിയ റിട്ടേൺ ഫോർമാറ്റ് പരീക്ഷിച്ചു. എന്നാൽ ഇത് നടപ്പിൽ വന്നില്ല. പരിമിത വിവരങ്ങൾ മാത്രം ഉൾപ്പെടുന്ന GSTR 1, GSTR 3B റിട്ടേണുകളാണ് നിലവിൽ പ്രാബല്യത്തിൽ ഉള്ളത്. കൂടുതൽ വിവരലഭ്യതയ്ക്കും നികുതി വെട്ടിപ്പ് തടയുന്നതിനും വേണ്ടി ഇ-ഇൻവോയിസിങ് സംവിധാനം പോലുള്ള മാർഗങ്ങൾ നടപ്പിലാക്കി വരുന്നു. ജി.എസ്.ടി. നിയമം നടപ്പിൽ വരുത്തിയപ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് നൂറ്റിരണ്ടാം ഭരണഘടനാ ഭേദഗതി പ്രകാരം കോമ്പൻസേഷൻ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നൽകണമെന്ന വ്യവസ്ഥ നടപ്പിലാക്കിയിരുന്നു. എന്നാൽ പലസാഹചര്യങ്ങളാൽ ഇത് കൃത്യസമയത്തു പൂർണമായി കേന്ദ്രസർക്കാരിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കാത്ത അവസ്ഥയാണ്. ഇതും ജി.എസ്.ടി.യുമായി ബന്ധപ്പെട്ട് സംസ്ഥാനം |

| | | | |
|---|---|---|---|
| | | | അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്. മേൽ പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കാൻ ജി.എസ്.ടി. കൗൺസിലിന്റെ ഇടപെടലിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. |
| (ബി) | കൃത്യവും പ്രശ്നരഹിതവുമായ രീതിയിൽ ജി.എസ്.ടി. ശൃംഖല സജ്ജമാക്കാൻ കേന്ദ്രസർക്കാരിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കൃത്യവും പ്രശ്നരഹിതവുമായ രീതിയിൽ ജി.എസ്.ടി. ശൃംഖല നടപ്പാക്കാൻ സാധിച്ചിട്ടില്ല. |
| (സി) | ജി.എസ്.ടി.യുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നൽകിയ വാഗ്ദാനങ്ങൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങൾക്കുള്ള നഷ്ടം നികത്തുമെന്നുള്ള വാഗ്ദാനം കേന്ദ്ര സർക്കാരിൽ നിന്നുണ്ടായിരുന്നു. ഇതനുസരിച്ച് ഭരണഘടനയുടെ നൂറ്റിരണ്ടാം ഭേദഗതി പ്രകാരം കോമ്പൻസേഷൻ നിയമം പാസ്സാക്കി. എന്നാൽ കോമ്പൻസേഷൻ പൂർണമായും കൃത്യസമയത്ത് സംസ്ഥാനങ്ങൾക്ക് നൽകുവാൻ കേന്ദ്ര സർക്കാരിന് കഴിഞ്ഞിട്ടില്ല. |
| (ഡി) | കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഭേദഗതികളും സർക്കുലറുകളും നോട്ടിഫിക്കേഷനുകളും ജി.എസ്.ടി. നിയമം കൂടുതൽ സങ്കീർണ്ണമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഡി) | ജി.എസ്.ടി. നിയമം പൂർണമായും നിശ്ചയിക്കപ്പെട്ട രീതിയിൽ ആയിട്ടില്ല. ജി.എസ്.ടി.യുടെ തുടക്കത്തിൽ ഉണ്ടായിരുന്നതിൽ നിന്നും പലതരത്തിലുള്ള ഒഴിവാക്കലുകളും കൂട്ടിച്ചേർക്കലുകളും ജി.എസ്.ടി. നിയമത്തിലും ചട്ടങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്കിലും വളരെയധികം മാറ്റങ്ങളുണ്ടായി. അതനുസരിച്ച് നിരവധി നോട്ടിഫിക്കേഷനുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിലെ ഭേദഗതികളും അതുമായി ബന്ധപ്പെട്ട വിജ്ഞാപനങ്ങളും സർക്കുലറുകളും ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്താണ് തീരുമാനമെടുക്കുന്നത്. കേന്ദ്രധനകാര്യ മന്ത്രി അധ്യക്ഷൻ ആയിട്ടുള്ള ജി.എസ്.ടി. കൗൺസിലിൽ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ധനകാര്യ വകുപ്പ് മന്ത്രിമാർ അംഗങ്ങളാണ്. ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്ത് എടുക്കുന്ന ഓരോ പുതിയ തീരുമാനങ്ങളും പ്രാബല്യത്തിൽ വരുത്തുന്നതിലേക്കായാണ് ഭേദഗതികളും സർക്കുലറുകളും നോട്ടിഫിക്കേഷനുകളും പുറപ്പെടുവിക്കേണ്ടി വരുന്നത്. |
| (ഇ) | ജി.എസ്.ടി.യുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന നഷ്ടപരിഹാര തുക കേന്ദ്ര സർക്കാർ അനുവദിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഇ) | ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക പൂർണമായും കൃത്യസമയത്തു സംസ്ഥാനത്തിന് നൽകുവാൻ കേന്ദ്ര സർക്കാരിന് സാധിച്ചിട്ടില്ല. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ നിന്നും എസ്.ജി.എസ്.ടി. കളക്ഷനും, ഐ.ജി.എസ്.ടി. ക്രഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ ആണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017–18, 2018–19 സാമ്പത്തിക വർഷം ഇത് യഥാസമയം ലഭിക്കുകയുണ്ടായി. 2019 ഡിസംബർ മുതൽ 2020ഫെബ്രുവരി വരെയുള്ള നഷ്ടപരിഹാര തുക 04.06.2020–നും 2020 മാർച്ചിലെ നഷ്ടപരിഹാര തുക 23.07.2020–നും ആണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചത്. 2020–21 സാമ്പത്തിക വർഷം കേരളത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക 12,988 കോടി രൂപ ആണ്. 27.08.2020–ൽ കൂടിയ 41-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ ഇക്കാര്യം ചർച്ച ചെയ്യുകയും, നിലവിലെ കോവിഡ് സാഹചര്യവും കോമ്പൻസേഷൻ സെസ്സിൽ വരുമാനത്തിൽ ഉണ്ടായ കുറവും കാരണം സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാനങ്ങൾ തത്തുല്യമായ തുക കടമെടുക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റ് മുന്നോട്ട് വെച്ചു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്രം തന്നെ പൊതുവിപണിയിൽ നിന്നും 110000 കോടി രൂപ കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് കേരളത്തിന് 2020–21 സാമ്പത്തിക വർഷം 5766കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. 2017–18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച നഷ്ടപരിഹാര തുക സംബന്ധിച്ച വിശദാംശങ്ങളും 2020–21, 2021–22 (ജൂൺ വരെ) സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച നഷ്ടപരിഹാര തുക സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

2017-18, 2018-19 & 2019-20 സാമ്പത്തികവർഷം സംസ്ഥാനത്തിന് ലഭിച്ച നഷ്ടപരിഹാര തുക സംബന്ധിച്ച വിശദാംശങ്ങൾ

| Year | Protected Revenue (Cr.) | Total collection(Cr.) | Ad-hoc settlement(Cr.) | Compensation Received(Cr.) |
|---|---|---|---|---|
| 2017 - 18 | 16398 | 13502.68 | 736 | 2102 |
| 2018 - 19 | 24924 | 18631.85 | 2734.36 | 3532 |
| 2019 - 20 | 28416 | 19622.88 | 693.52 | 8111 |

2020-21, 2021-22 സാമ്പത്തികവർഷം സംസ്ഥാനത്തിന് ലഭിച്ച നഷ്ടപരിഹാര തുക സംബന്ധിച്ച വിശദാംശങ്ങൾ

| Year | Protected Revenue (Cr.) | Total collection(Cr.) | Ad-hoc settlement(Cr.) | Compensation Received(Cr.) |
|---|---|---|---|---|
| 2020-21 | 32400 | 17962.40 | 1596.11 | 9800.83 (4034.83+5766) |
| 2021-22 | 9234* | 4449.37 | 0.00 | 4122.27 |

* 2021 ജൂൺ വരെ

സെക്ഷൻ ഓഫീസർ